പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| <u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>09.07.2012-ൽ</u> |
| <u>ചോദ്യം നമ്പർ - 5961</u> | <u>മറുപടിയ്ക്ക്</u> |

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ, റിംഗ് റോഡ് പദ്ധതിയിൽപ്പെടുത്തിയ റോഡുകൾ</u>

| <u>ചോദ്യം</u><br>ശ്രീ. ബി. സത്യൻ | <u>ഉത്തരം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പ് റോഡു വിഭാഗം നടപ്പിലാക്കുന്ന റിംഗ് റോഡ് നവീകരണ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിയ്ക്കുന്ന മാനദണ്ഡം വിശദമാക്കാമോ ; | (എ) റിംഗ് റോഡ് പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ സ്ഥലത്തിന്റെ പ്രാധാന്യവും നിലവിലുള്ള വാഹന സാന്ദ്രതയും സ്ഥലത്തിന്റെ ലഭ്യതയും മറ്റുമാണ് പ്രധാനമായും പരിഗണിക്കുന്നത്. |
| (ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾ നടന്നുവരുന്നു; ഭരണാനുമതി ലഭിക്കാനായി പുതിയതായി ഏതെല്ലാം പ്രൊപ്പോസലുകൾ വന്നിട്ടുണ്ട് ; | (ബി) തിരുവനന്തപുരം ജില്ലയിൽ വർക്കല നിയോജക മണ്ഡലത്തിൽ റിംഗ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി "പുത്തൻ ചന്ത - വള്ളക്കടവ് - ഗവൺമെന്റ് ഹോസ്പിറ്റൽ - നടയറ - ജനതാമുക്ക് -നടയറ - പഴയചന്ത റോഡിന് " 1215 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പണി ആരംഭിച്ചിട്ടുണ്ട്. നിലവിൽ പുതിയ പദ്ധതികൾ ഒന്നും തന്നെയില്ല. |
| (സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ റിംഗ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഇല്ല. |

| | |
|---|---|
| (ഡി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ, റിംഗ് റോഡ് പദ്ധതിയിൽപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ